19 MAY 2017

കേരള സർക്കാർ

സംഗ്രഹം

വ്യാവസായിക പരിശീലന വകുപ്പ് - മാടായി സർക്കാർ ഐ.ടി.ഐ. - പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യം (സി)വകുപ്പ്

സ.ഉ.(കൈ)/34/2017/തൊഴിൽ തിരുവനന്തപുരം,തീയതി, 16/05/2017

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 03.08..2015 ലെ ഐ4/7726/15 നമ്പർ കത്ത്

ഉത്തരവ്

പരാമർശത്തിലെ കത്ത് പ്രകാരം മാടായി സർക്കാർ ഐ.ടി.ഐ.യിൽ ആർക്കിടെക്ചറൽ അസിസ്റ്റന്റ് ട്രേഡിനു പകരമായി ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് ആരംഭിക്കുന്നതിനും പുതുതായി ഇലക്ട്രീഷ്യൻ ട്രേഡ് ആരംഭിക്കുന്നതിനും ഇലക്ട്രീഷ്യൻ ട്രേഡിലെ രണ്ട് യൂണിറ്റുകൾക്കാവശ്യമായി രണ്ട് ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക (26500-56700) സൃഷ്ടിക്കുന്നതിനുമുള്ള വിശദമായ ശുപാർശ ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ മാടായി സർക്കാർ ഐ.ടി.ഐ.യിൽ ഇലക്ട്രീഷ്യൻ ട്രേഡിന്റെ രണ്ട് യൂണിറ്റുകൾ തുടങ്ങുന്നതിനും രണ്ട് ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക (26,500- 56,700/- രൂപ ശമ്പള സ്കെയിലിൽ) സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടോം ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) , കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്. (136161/H&LB1/15/ധന. തീയതി 18.08.2016)
പൊതുഭരണ (എസ്.സി) വകുപ്പ്(ഇനം നം.1001)
വിവര പൊതുജന സമ്പർക്ക വകുപ്പ് (ഗവ. വെബ്സൈറ്റിൽ നൽകുന്നതിനായി)

ഉത്തരവിൻ പ്രകാരം

Bindu

സെക്ഷൻ ഓഫീസർ